**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5964** **16-03-2023 - ൽ മറുപടിയ്ക്ക്**

**സത്യശീലന്റെ സർവീസ് ആനുകൂല്യങ്ങൾ സംബന്ധിച്ച അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും 31.08.1994-ൽ വിരമിക്കുകയും 20.09.2003-ൽ മരണപ്പെടുകയും ചെയ്ത സത്യശീലൻ എന്നയാളുടെ സർവീസ് ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഭാര്യ ഡി. സുഷമ 02.12.2021-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഈ വിഷയവുമായി ബന്ധപ്പെട്ട് 14.12.2021 തിയതിയിൽ സർക്കാരിൽ നിന്നും F2/180/2021/Taxes നമ്പർ കത്ത് മുഖേന നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ EXC/5550/2021-XA9 നമ്പർ ഫയൽ പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ടി വിഷയത്തിൽ എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖാന്തിരം അന്വേഷണം നടത്തി എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. സത്യശീലൻ എറണാകുളം ജില്ലയിലെ മാമല എക്സൈസ് റെയ്ഞ്ച് ഓഫീസിൽ എക്സൈസ് ഇൻസ്പെക്ടറായി 1993-94 വർഷത്തിൽ ജോലി ചെയ്തിരുന്നതും, ടി കാലയളവിൽ മാമല റെയ്ഞ്ചിലെ മൂന്നാം ഗ്രൂപ്പ് ചാരായ ഷാപ്പ് കൈമാറ്റം ചെയ്തതിൽ റവന്യൂ നഷ്ടം ഉണ്ടായതുമായി ബന്ധപ്പെട്ട് ടിയാനെതിരെ റവന്യൂ റിക്കവറി ആരംഭിച്ചിരുന്നതാണ് എന്നും, 31.08.1994-ൽ എക്സൈസ് ഇൻസ്പെക്ടറായി സേവനത്തിൽ നിന്നും വിരമിച്ച ടിയാന് റവന്യൂ റിക്കവറി നിലവിലുണ്ടായിരുന്നത് കാരണം NLC അനുവദിച്ചിരുന്നില്ലെന്നും, ആയതിനാൽ ടിയാന്റെ DCRG തടഞ്ഞു വെച്ചിരുന്നതും തുടർന്ന് 25.08.2012 തീയതിയിലെ GO(Rt)No.451/2012/TD സർക്കാർ ഉത്തരവ് പ്രകാരം ടിയാനെതിരെയുള്ള റിക്കവറി നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതുമാണെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ NLC എറണാകുളം എക്സൈസ് ഡിവിഷൻ ഓഫീസിൽ നിന്നും 13.08.2012 തീയതിയിൽ ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുള്ളതാണെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ 02/04/2022 ന് ശ്രീമതി ഡി. സുഷമയെ അറിയിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ സർവീസ് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **എക്സൈസ് ഇൻസ്പെക്ടർ ആയി വിരമിച്ച ശ്രീ.സത്യശീലന്റെ സർവീസ് ആനുകൂല്യങ്ങളിൽ DCRG തുക അനുവദിച്ചിട്ടുള്ളതല്ല. അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും പുതുക്കിയ ഗ്രാറ്റുവിറ്റി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ് നൽകി ആയതിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് എറണാകുളം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുള്ള വിവരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |
| (സി) | പ്രസ്തുത വിഷയത്തിന്മേൽ ആറ്റിങ്ങൽ സബ് ട്രഷറി ഓഫീസർ മാമല റേഞ്ച് എക്സൈസ് ഇൻസ്പെക്ടർക്ക് അയച്ച 27.05.2022-ലെ പെൻ 10/22-23 നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | **പരേതനായ സത്യശീലന്റെ തടഞ്ഞുവെച്ച DCRG തുക, ടിയാന്റെ അവകാശിയുമായ ശ്രീമതി.സുഷമയ്ക്ക് ലഭിക്കുന്നതിന് വേണ്ടി Accountant General ഓഫീസിൽ നിന്നും പുതിയ Gratuity Payment Order, പുതിയ NLC എന്നിവ, ടി തുക വാങ്ങുന്നതിന് അവകാശിയിൽ നിന്നും കാലതാമസമുണ്ടായതിന്റെ വിശദീകരണം സഹിതം മേൽ സബ്ട്രഷറിയിൽ സമർപ്പിക്കുവാൻ ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസർ നിർദ്ദേശിച്ചിട്ടുള്ളതാണ്. അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും പുതുക്കിയ ഗ്രാറ്റുവിറ്റി ഉത്തരവ് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ബാദ്ധ്യത രഹിത സർട്ടിഫിക്കറ്റ് നൽകി ആയതിൽ** തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് **എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ